നം. സി.ഇ.ഇ/2900/07/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

## പ്രൊഫഷണൽ കോഴ്സ് പ്രവേശനം - എസ്.ബി.റ്റി. യിൽ ഫീസ് അടയ്ക്കണം

**17.07.2008** ന് പ്രസിദ്ധീകരിച്ച **ഒന്നാംഘട്ട അലോട്ട്മെന്റിൽ** എൻജിനീയറിംഗ്/ ആർക്കിടെക്ച്ചർ/മെഡിക്കൽ/ബി.ഫാം. കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(എസ്.ബി.റ്റി.)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ നിശ്ചിത ഫീസ്/ ഡെപ്പോസിറ്റ്/ കാഷൻ ഡെപ്പോസിറ്റ് തുക **19.07.2008 (ശനിയാഴ്ച) മുതൽ 24.07.2008 (വ്യാഴാഴ്ച) വരെയുള്ള** ദിവസങ്ങളിൽ ബാങ്കിന്റെ പ്രവൃത്തി സമയത്ത് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ഫീസ്/ഡെപ്പോസിറ്റ്/കാഷൻ ഡെപ്പോസിറ്റ് തുക, പണമായോ, **'CEE A/C with SBT'** എന്ന പേരിൽ, തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ തെരഞ്ഞെടുത്ത എസ്.ബി.റ്റി. ശാഖകളിൽ അടയ്ക്കാവുന്നതാണ്.

ശാഖകളുടെ ലിസ്റ്റ് **cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം

18.07.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**